# INDIAN SCHOOL DARSAIT
# TERM II - MARCH,2019
# YEARLY EXAMINATION
# MALAYALAM

Class:IV Max.Marks:50

Date: 06-03-2019 Time:2 hr

Name: ………………………….. Roll No: ………

## General Instructions

1. All the questions are compulsory
2. Answer all questions in a separate paper

Q.I താഴെ കൊടുത്തിരിക്കുന്ന കഥ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 5 X 1 = 5

ഒരിക്കൽ ദേവേന്ദ്രൻ കാട്ടിലൂടെ സഞ്ചരിക്കുമ്പോൾ ഒരു പഞ്ചവർണ്ണക്കിളി ഉണങ്ങിയ ഒരു മരത്തിനു വെള്ളമൊഴിക്കുന്നതു കണ്ടു. ആ നല്ല പ്രവൃ ത്തി കണ്ട് ദേവേന്ദ്രൻ സന്തുഷ്ടനായി. അദ്ദേഹം കിളിയോടു ചോദിച്ചു; "നീ എന്തിനാണ് ഈ മരത്തിനു വെള്ളമൊഴിക്കുന്നത്?" അതു കേട്ട് കിളി പറഞ്ഞു; 'ദുഷ്ടനായ ഒരു വേട്ടക്കാരൻ മാനിനെ കൊല്ലാൻ അയച്ച വിഷം പുരട്ടിയ അമ്പുകൊണ്ട് ഈ മരം ഉണങ്ങിപ്പോയി. മരം ഉണങ്ങിയപ്പോൾ എന്റെ ചങ്ങാതിക്കിളികളെല്ലാം പറന്നു പോയി. എനിക്ക് ഈ മരം തളിർപ്പിക്കണം". ഇതു കേട്ടപ്പോൾ ദേവേന്ദ്രന് അതി ശയം തോന്നി. അദ്ദേഹം ചോദിച്ചു; "നീ എന്തിനാണ് ഈ ഉണക്കമരം തളിർപ്പിക്കാനായി പാടുപെടുന്നത് നിനക്കു മറ്റേതെങ്കിലും മരത്തിൽ പോയി താമസിച്ചു കൂടേ?" 'പച്ചിലകളും പൂവും കായും ഉണ്ടായിരുന്ന പ്പോൾ ഈ മരമാണ് എന്നെ രക്ഷിച്ചത്. നല്ല കാലത്തു സഹായിച്ച ഈ മരത്തെ ആപത്തു കാലത്ത് സംരക്ഷിക്കേണ്ടത് എന്റെ കടമയാണ്.'– പഞ്ചവർണ്ണക്കിളി പറഞ്ഞു. ഇതു കേട്ടപ്പോൾ ദേവേന്ദ്രന് അതിരറ്റ സന്തോഷം തോന്നി. അദ്ദേഹത്തിന്റെ അനുഗ്രഹത്താൽ മരം തളിർത്തു. നിറയെ പൂവും കായുമുണ്ടായി. പഞ്ചവർണ്ണക്കിളി സന്തോഷിച്ചു.

1. ആരാണ് കാട്ടിലൂടെ സഞ്ചരിച്ചത്?
2. മരത്തിനു വെള്ളമൊഴിച്ചത് ആരാണ്?
3. മരം ഉണങ്ങിയത് എങ്ങനെയാണ്?
4. ദേവേന്ദ്രന് സന്തോഷം തോന്നിയത് എപ്പോൾ?
5. ഈ കഥയ്ക്ക് ഒരു പേര് ഇടുക.

Q. II ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. ½x4=2

a. ഏതുമാസമാണ് വിഷു ആഘോഷിക്കുന്നത്?
(മേടം, കർക്കിടകം, ചിങ്ങം)

b. കൊടുങ്കാറ്റിനെ സ്നേഹിച്ചത് ആരായിരുന്നു?
(ബീർബൽ, മണ്ണാങ്കട്ട, ഖലീൽ ജിബ്രാൻ)

c. മണ്ണാങ്കട്ട കാശിയ്ക്കു പോയത് ആരോടൊപ്പമാണ്?
(അമ്മയോടൊപ്പം, കുട്ടുകാരോടൊപ്പം, കരിയിലയ്ക്കൊപ്പം)

d. 'പാറുക പാറുക പൊൻ കൊടിയേ' എന്ന കവിത എഴുതിയതാരാണ്?
(സിപ്പി പള്ളിപ്പുറം, വൈലോപ്പിള്ളി ശ്രീധരമേനോൻ, പാലാ നാരായണൻ നായർ)

Q.III അർത്ഥം എഴുതുക. ½x4=2

a. വെണ്മ
b. അമിതം
c. മിത്രം
d. പാറുക

Q.IV വിപരീതം എഴുതുക. ½x4=2

a. അവഗണന
b. ഇഷ്ടം
c. രക്ഷ
d. സാധ്യം

Q.V പിരിച്ചെഴുതുക. ½x4=2

a. തരമൊടു

b. പ്രസിദ്ധമായ

c. കഥയിലാണ്

d. ഉണ്ടെങ്കിൽ

Q.VI പര്യായം എഴുതുക. 1x2=2

a. ഇല

b. ചിരി

Q.VII ചേർത്തെഴുതുക. ½x4=2

a. കരി+ഇല

b. ജോലി+ആണ്

c. നട+പാത

d. മനസ്സിൽ+ആയി

Q.VIII വാക്യത്തിൽ പ്രയോഗിക്കുക 1x2=2

a. അപകടസാധ്യത

b. ദുശ്ശീലം

Q.IX പൂരിപ്പിക്കുക ½x4=2

a. മുറ്റത്തെ ............... മണമില്ല.

b. തലയിരിക്കുമ്പോ ..................... ആടരുത്.

c. ...................കുളിച്ചാൽ കൊക്കാകുമോ?

d. കൊടുത്താൽ കൊല്ലത്തും ..................

Q.X ഉചിതമായ രൂപം ചേർത്ത് വാക്യം പൂരിപ്പിക്കുക 1x2=2

a. എനിക്ക് നാളെ അവധി .................... (ആയിരുന്നു, ആണ്)

b. കഴിഞ്ഞ വർഷം നല്ല മഴ ................ (ലഭിക്കും, ലഭിച്ചു)

Q.X! ഉചിതമായ വചനം ചേർത്ത് പൂരിപ്പിക്കുക. ½x4=2

a. പ്ലാവിൽ നിറയെ ...........ഉണ്ട്. (ചക്ക, ചക്കകൾ)

b. എന്റെ ചെടിയിൽ ഒരു ................ വിരിഞ്ഞു (പൂവുകൾ, പൂവ്)

c. ഇന്നലെ എനിക്ക് ഒരു ............... കിട്ടി (ഉടുപ്പ്, ഉടുപ്പുകൾ)

d. എൻെറ കിണറ്റിൽ ധാരാളം ..................... ഉണ്ട്. (വെള്ളങ്ങൾ, വെള്ളം)

Q.XII നാമവും ക്രിയയും പട്ടിക തിരിച്ച് എടുത്തെഴുതുക. ½x8=4

a. കഴിച്ചു
b. അമ്മ
c. രവി
d. കേട്ടു
e. കണ്ടു
f. വരച്ചു
g. മുറികൾ
h. നക്ഷത്രം

Q.XIII അടിയിൽ വരയിട്ടിരിക്കുന്ന പദത്തിൻെറ എതിർലിംഗം എഴുതുക. ½x4=2

a. ഞാൻ എൻെറ ടീച്ചറിൻെറ പ്രിയപ്പെട്ട ശിഷ്യൻ ആണ്.

b. ജോലിക്കാരൻ കൃത്യ സമയത്ത് എത്തും.

c. യാത്രക്കാരൻ പുറം കാഴ്ചകൾ നോക്കിയിരുന്നു

d. എനിക്കൊരു കൂട്ടുകാരനെ കിട്ടി.

Q.XIV ഒറ്റപ്പദം എഴുതുക. ½x4=2

a. അപകടത്തിനുള്ള സാധ്യത.

b. വാതിലിൻെറ പടി.

c. നടക്കാനുള്ള പാത.

d. നാടോടികളുടെ ഗോത്രം.

Q.XV പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക. (ആദ്യത്തെ 6 വരി) ½x6=3

പാറുക........................................................................ നിറം

Q.XVI ഒരു ഖണ്ഡിക എഴുതുക. 1x5=5

എൻെറ കൂട്ടുകാർ

Q.XVII ഉത്തരമെഴുതുക. 3x3=9

a. എന്തുകൊണ്ടാണ് അമ്മയോടും മകനോടും അടുത്തയാഴ്ച വരാൻ ശ്രീരാമകൃഷ്ണൻ പറഞ്ഞത്?

b. അമ്മയും മകനും വീട്ടിൽ തനിച്ചാകാൻ കാരണമെന്ത്?

c. റോഡ് മുറിച്ചു കടക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?